# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1396 — 06.03.2020-ൽ മറുപടിയ്ക്ക്

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിലെ കാര്യക്ഷമത

| ചോദ്യം<br><br>ശ്രീ.എം. സ്വരാജ് | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ടോ; | (എ) & (ബി) | ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ ആസൂത്രണ നടപടിക്രമങ്ങൾ ലളിതമാക്കി പദ്ധതി രൂപീകരണ മാർഗ്ഗരേഖ സമഗ്രമായി പരിഷ്കരിക്കുകയും കാലേക്കൂട്ടി തന്നെ ഉത്തരവുകളായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നഗരഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് പ്രത്യേക മാർഗ്ഗരേഖ നൽകുകയും ചെയ്തു. തുടർന്ന് ഇത് സംബന്ധിച്ച് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വികസന പദ്ധതികൾ തയ്യാറാക്കി 12 മാസവും നിർവ്വഹണത്തിന് ലഭിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 മുതൽ തന്നെ മാറിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കാനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്തിട്ടുണ്ട്. നൂതന പ്രോജക്ടുകൾക്ക് പ്രത്യേക മാർഗ്ഗരേഖയും ജില്ലാ പദ്ധതികളും തയ്യാറാക്കുകയുണ്ടായി. കൂടാതെ വിവിധ ഘട്ടങ്ങളിലായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനുള്ള ഉത്തരവുകളും ഉദ്യോഗസ്ഥ തലത്തിൽ പരിശീലനങ്ങളും നൽകിയിട്ടുണ്ട്.<br>ഇതോടൊപ്പം ഡയറക്ടറേറ്റ് തലത്തിൽ പ്ലാൻ മോണിറ്ററിങ് സെൽ രൂപീകരിച്ച് |
| (ബി) | ഇവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. അതോടൊപ്പം സർക്കാർ തലത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടന്ന് വരുന്നുണ്ട്. 10.07.2019-ലെ ഡിഎ 1/221/2019/തസ്വഭവ സർക്കുലർ പ്രകാരം നിർവ്വഹണ കലണ്ടർ കൃത്യമായും പാലിക്കുന്നതിനും നിർമ്മാണ പ്രവർത്തികളുടെ പാർട്ട് ബില്ലുകൾ നൽകുന്നതിനും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നേരത്തെ വാങ്ങി പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ